# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 64

10/06/2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

**ചോദ്യം :**

ശ്രീ. കെ.കെ.ജയചന്ദ്രൻ

**ഉത്തരം :**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) വിവിധ സർക്കാർ വകുപ്പുകളിൽ ഉൾപ്പെടെ ഒഴിവു വരുന്ന തസ്തികകൾ ജൂൺ ഒന്നിനു മുൻപ് ബന്ധപ്പെട്ട ഭരണ വകുപ്പിലും പി.എസ്.സി.യിലും അറിയിക്കണെമെന്ന് നിർദ്ദശിച്ചിട്ടുണ്ടോ;

(എ) എല്ലാ നിയമനാധികാരികളും 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ ജൂൺ 1-നു മുൻപ് പി.എസ്.സി.യെ അറിയിക്കണമെന്നും പ്രസ്തുത റിപ്പോർട്ട് ജൂൺ-30നകം ബന്ധപ്പെട്ട ഭരണ വകുപ്പിനും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനും ലഭ്യമാക്കണമെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിയമനാധികാരികൾ പ്രസ്തുത നിർദ്ദേശം കർശനമായി പാലിച്ചു എന്ന് ഉറപ്പുണ്ടോ;

(ബി) ഒഴിവുകൾ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുവാൻ ജൂൺ 30 വരെ നിയമനാധികാരികൾക്ക് സമയം അനുവദിച്ചിട്ടുള്ളതിനാൽ അതിനുശേഷം മാത്രമേ ഇക്കാര്യം പൂർണ്ണമായും ഉറപ്പു വരുത്തുവാൻ സാധിക്കുകയുള്ളൂ.

(സി) ഓരോ വകുപ്പിലും റിട്ടയർമെന്റ്, പ്രൊമോഷൻ, തസ്തിക സൃഷ്ടിക്കൽ, ഡെപ്യൂട്ടേഷൻ, നോൺ ജോയിനിംഗ് തുടങ്ങിയവ വഴി വരുന്ന ഒഴിവ് കണക്കാക്കി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) 1.1.2014വരെ ലഭ്യമായ വിവരം അനുബന്ധം I ആയി ചേർക്കുന്നു.

(ഡി) നാളിതുവരെ ബന്ധപ്പെട്ട സർക്കുലറിന്റെയടിസ്ഥാനത്തിൽ ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത നിയമന അധികാരികൾ ആരൊക്കെയാണ് വെളിപ്പെടുത്താമോ ?

(ഡി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതായി അറിയിക്കാത്ത വകുപ്പുകളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**